1998-ലെ 16-ാം ആക്ററ്

1998-ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്ററ് *

കേരള സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് ആശ്വാസം
നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും
വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന്
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു ആക്റ്റ്

പീഠിക.— കേരള സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ഒരു നിധിയുടെ രൂപീകരണത്തിനും, അതിന് ആനുഷംഗികമോ സഹായകമോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപത്തിഒൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 19998 ലെ കേരള കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്ററ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഗസററ് വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്ററിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അംശദായം" എന്നാൽ 6-ാം വകുപ്പിൻ കീഴിൽ നിധിയിലേക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(ബി) "കുടുംബം" എന്നാൽ ഒരംഗത്തിന്റെ , അതതു സംഗതിപോലെ, ഭാര്യ അല്ലെങ്കിൽ ഭർത്താവും പ്രായപൂർത്തിയാകാത്ത ആൺമക്കളും അവിവാഹിതരായ

* 1998 ആഗസ്റ്റ് 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1998 ആഗസ്റ്റ് 10-ാം തീയതിയിലെ 1300-ാം നമ്പർ കേരള അസാധാരണ ഗസററായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പെൺമക്കളും ആശ്രിതരായ മാതാപിതാക്കളും മന്ദബുദ്ധികളായ ആൺമക്കളും എന്നർത്ഥമാകുന്നു;

(സി) "നിധി" എന്നാൽ 3-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തിയ കേരള റേഷൻ വ്യാപാരി ക്ഷേമനിധി മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഡി) "മാനേജിംഗ് കമ്മിറ്റി" എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള റേഷൻ വ്യാപാരി ക്ഷേമനിധി മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇ) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "റേഷൻ വ്യാപാരി" എന്നാൽ 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 45-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൻകീഴിൽ ഒരു അധികൃത ചില്ലറ വിതരണക്കാരൻ ആയി നിയമിക്കപ്പെട്ട ഒരാൾ എന്ന് അർത്ഥമാകുന്നതും അതിൽ പ്രസ്തുത ഉപഖണ്ഡത്തിൻകീഴിൽ ഒരു അധികൃത ചില്ലറ വിതരണക്കാരനായി നിയമിക്കപ്പെട്ടതായി കരുതപ്പെടുന്ന ഒരാൾ ഉൾപ്പെടുന്നതുമാകുന്നു;

(എച്ച്) "പദ്ധതി" എന്നാൽ ഈ ആക്ററിൻകീഴിൽ തയ്യാറാക്കിയിട്ടുള്ള കേരള റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു;

(ഐ) "വർഷം" എന്നാൽ സാമ്പത്തികവർഷം എന്നർത്ഥമാകുന്നു;

3. <u>റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതി</u>.—(1) സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസററ് വിജ്ഞാപനംമൂലം, "കേരള റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി സർക്കാരിന് തയ്യാറാക്കാവുന്നതും, പദ്ധതി തയ്യാറാക്കിയശേഷം കഴിയുന്നത്ര വേഗം, ഈ ആക്ററിലേയും, പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച്, "കേരള റേഷൻ വ്യാപാരി ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കാവുന്നതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവു വയ്ക്കേണ്ടതാണ്,—

(എ) 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായങ്ങൾ;

(ബി) 16-ാം വകുപ്പിൻകീഴിൽ കടം വാങ്ങിയ ഏതെങ്കിലും തുക;

(സി) ഇൻഡ്യാ ഗവൺമെന്റോ ഏതെങ്കിലും സംസ്ഥാന സർക്കാരോ, ഏതെങ്കിലും സ്ഥാപനമോ നൽകുന്ന ഗ്രാന്റുകളോ, വായ്പകളോ, മുൻകൂറുകളോ;

(ഡി) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയോ പണം ഒടുക്കലോ;

(ഇ) നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കാനായി മറ്റു മാർഗ്ഗങ്ങളിൽകൂടി മാനേജിംഗ് കമ്മിററി സ്വരൂപിക്കുന്ന ഏതൊരു തുകയും;

(എഫ്) ഈ ആക്ററിന്റേയോ പദ്ധതിയുടേയോ കീഴിൽ ഈടാക്കുന്ന ഫീസ്, ഏതെങ്കിലും ഉണ്ടെങ്കിൽ, അത്;

(ജി) പദ്ധതിയിലെ വ്യവസ്ഥകളിൻകീഴിൽ നിധിയിൽ വരവു വയ്ക്കേണ്ട മറ്റേതെങ്കിലും തുക.

(3) നിധി മാനേജിംഗ് കമ്മിററിയിൽ നിക്ഷിപ്തമാകുന്നതും മാനേജിംഗ് കമ്മിററി അതിന്റെ ഭരണ നിർവ്വഹണം നടത്തേണ്ടതുമാണ്.

(4) താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് നിധി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) (i) രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുക;

(ii) സ്ഥായിയായ അവശതയോ അംഗവൈകല്യമോ അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം;

(iii) ഒരംഗത്തിന് തന്റെ റേഷൻ വ്യാപാരത്തിൽ പ്രകൃതിക്ഷോഭംമൂലമോ തീപിടുത്തംമൂലമോ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുള്ള തുക;

(iv) ഒരംഗത്തിന് തന്റെ റേഷൻ വ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വായ്പകളോ മുൻകൂറുകളോ എന്നിവ,

നൽകുന്നതിന്;

(ബി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള പരിമിതികൾക്കും നിബന്ധനകൾക്കും വിധേയമായി അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിൽസാ ചെലവുകൾ വഹിക്കുന്നതിന്;

(സി) പദ്ധതിയിൽ പറയാവുന്ന പഠന കോഴ്സുകൾക്കായി അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പുകൾ വഴി ധനസഹായം നൽകുന്നതിന്;

(ഡി) അംഗങ്ങളുടെ കുട്ടികളിൽ വിദ്യാഭ്യാസപരമായി കൂടുതൽ മികവുള്ള കുട്ടികൾക്ക് വാർഷിക അവാർഡുകൾ ഏർപ്പെടുത്തുന്നതിന്;

(ഇ) ഏതെങ്കിലും പെൻഷൻ പദ്ധതി തയ്യാറാക്കുന്നുണ്ടെങ്കിൽ അതിന്;

(എഫ്) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്.

(5) ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി, (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കിയ പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും ഒന്നാം പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ് .

(6) പദ്ധതി, അത് തയ്യാറാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പദ്ധതിയിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നപക്ഷം, പദ്ധതിക്ക് അതിനുശേഷം അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്; എന്നിരുന്നാലും, അങ്ങനെയുള്ള ഏതൊരു രൂപഭേദവും പ്രസ്തുത പദ്ധതിയിൻകീഴിൽ മുൻപു ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

4. <u>നിധിയിലെ അംഗത്വം</u>.—(1) റേഷൻ വ്യാപാരിയായിട്ടുള്ള ഏതൊരാളും നിധിയിലെ അംഗമായി സ്വയം രജിസ്ററർ ചെയ്യേണ്ടതാണ്.

(2) ഈ ആക്ററിന്റെ പ്രാരംഭത്തിൽ റേഷൻ വ്യാപാരിയായിരുന്ന ഒരാൾ അങ്ങനെയുള്ള പ്രാരംഭം മുതൽ ആറുമാസത്തിനകമോ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം ഒരു റേഷൻ വ്യാപാരിയാകുന്ന ഒരാൾ, 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരമുള്ള അയാളുടെ നിയമനം മുതൽ മൂന്നുമാസത്തിനകവും, ഒരു അംഗീകൃത ചില്ലറ വിതരണക്കാരൻ എന്ന നിലയിൽ നിധിയിലെ അംഗമായി ചേരുന്നതിന് മാനേജിംഗ് കമ്മിററിയുടെയോ മാനേജിംഗ് കമ്മിററി ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ മുൻപാകെ അപേക്ഷ നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അതിൽ ഉൾപ്പെടുത്തേണ്ടതും അങ്ങനെയുള്ള രീതിയിൽ അത് സമർപ്പിക്കേണ്ടതുമാണ്.

(4) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ മാനേജിംഗ് കമ്മിററിയോ ഇതിലേക്ക് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ, ആവശ്യമാണെന്ന് തോന്നുന്നപക്ഷം അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം, അപേക്ഷകനെ നിധിയിലെ അംഗമായി ചേർക്കാവുന്നതാണ്.

(5) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഓരോ അപേക്ഷയോടുമൊപ്പം, കാലാകാലങ്ങളിൽ, മാനേജിംഗ് കമ്മിററി സർക്കാരിന്റെ അംഗീകാരത്തോടുകൂടി നിശ്ചയിക്കുന്ന ഫീസും ഉണ്ടായിരിക്കേണ്ടതാണ്.

5. <u>അംഗത്വം ഇല്ലാതാകൽ</u>.—ഒരാൾ റേഷൻ വ്യാപാരി അല്ലാതായിത്തീരുമ്പോഴോ തുടർച്ചയായി ആറുമാസം നിധിയിൽ അംശദായം നൽകാതിരിക്കുമ്പോഴോ അംഗത്വം നഷ്ടപ്പെടുന്നതാണ്:

എന്നാൽ അംശദായം നൽകുന്നതിനുണ്ടായ വീഴ്ചയ്ക്ക് തക്കതായ കാരണം ബോധിപ്പിച്ചാൽ മാനേജിംഗ് കമ്മിററിക്ക് വീണ്ടും അംഗത്വം നൽകാവുന്നതാണ്.

6. <u>നിധിയിലേക്കുള്ള അംശദായം</u>.—(1) ഓരോ അംഗവും, മാനേജിംഗ് കമ്മിററി, കാലാകാലങ്ങളിൽ, സർക്കാരിന്റെ അംഗീകാരത്തോടുകൂടി നിശ്ചയിക്കുന്ന തുക പ്രതിമാസം പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) 1966- ലെ കേരള റേഷനിംഗ് ഓർഡറിലെ 45-ാം ഖണ്ഡം (8)-ാം ഉപഖണ്ഡത്തിൻകീഴിൽ തന്റെ നിയമനം അന്വേഷണ വിധേയമായി താൽക്കാലികമായി സസ്പെന്റ് ചെയ്യപ്പെട്ട ഒരു റേഷൻ വ്യാപാരി, നിയമനത്തിൻമേലുള്ള സസ്പെൻഷൻ പിൻവലിക്കപ്പെടുന്ന അവസരത്തിൽ സസ്പെൻഷൻ കാലയളവിൽ നിധിയിലേക്കുള്ള തന്റെ അംശദായം മൂന്നു മാസത്തിനുള്ളിൽ മൊത്തമായോ മാനേജിംഗ് കമ്മിററി നിശ്ചയിക്കുന്ന ഗഡുക്കളായോ നൽകേണ്ടതാണ്.

(3) സർക്കാരിന് ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള തുക ഓരോ വർഷവും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(4) പദ്ധതിയിൽ പറഞ്ഞിട്ടുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും അംശദായങ്ങളും പണം ഒടുക്കലുകളും നിധിയിലേക്ക് കിട്ടാനുള്ള മറ്റെല്ലാ തുകകളും മാനേജിംഗ് കമ്മിററിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ മാനേജിംഗ് കമ്മിററി ഇതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

7. <u>അംഗത്വം അവസാനിക്കുന്നതിൻമേൽ നിധിയിൽ നിന്നും പണം നൽകൽ</u>.—(1) ഒരംഗത്തിന്, അയാളുടെ അംഗത്വം അവസാനിക്കുന്നതിൻമേൽ, പദ്ധതി

അധികാരപ്പെടുത്തിയ ഏതെങ്കിലും കിഴിവുകൾക്കു വിധേയമായി, രണ്ടാം പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക, നിധിയിൽ നിന്നും കിട്ടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, 1966-ലെ കേരള റേഷനിംഗ് ഓർഡറിൻകീഴിൽ അംഗീകൃത ചില്ലറ വിതരണക്കാരൻ എന്ന നിയമനം റദ്ദാക്കുന്ന കാരണത്താൽ അംഗമല്ലാതാകുന്ന ഒരു റേഷൻ വ്യാപാരിക്ക്, നിധിയിലെ അയാളുടെ അംഗത്വം അവസാനിച്ച ദിവസംവരെ അയാൾ നിധിയിലേക്ക് നൽകിയിട്ടുള്ള തുകയ്ക്ക് തുല്യമായ ഒരു തുകയ്ക്കുമാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഒരംഗം, എഴുപതു വയസ് തികഞ്ഞശേഷം മരിച്ചാൽ രണ്ടാം പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക അയാളുടെ നോമിനിക്കോ, നോമിനി ഇല്ലാത്തിടത്ത്, അയാളുടെ അനന്തരാവകാശികൾക്കോ നൽകേണ്ടതാണ്.

(3) ഒരംഗം, എഴുപതു വയസ് തികയുന്നതിനുമുമ്പ്, മരിച്ചാൽ രണ്ടാം പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക, അയാളുടെ നോമിനിക്കോ, നോമിനി ഇല്ലാത്തിടത്ത്, അയാളുടെ അനന്തര അവകാശികൾക്കോ നൽകേണ്ടതാണ്.

(4) നിധിയിൽ നിന്നും പണം നൽകുന്നതിനുള്ള ഒരപേക്ഷ മാനേജിംഗ് കമ്മിററിക്കോ അത് അധികാരപ്പെടുത്തിയ ഏതെങ്കിലും ഓഫീസർക്കോ, പദ്ധതിയിൽ പറയാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും, നൽകേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ ലഭിച്ച ഒരപേക്ഷ മാനേജിംഗ് കമ്മിററിയോ അല്ലെങ്കിൽ ഇതിലേക്ക് അത് അധികാരപ്പെടുത്തിയ ഒരു ആഫീസറോ ആവശ്യമാണെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തിയതിനുശേഷം തീർപ്പാക്കേണ്ടതാണ്.

8. <u>പദ്ധതി രൂപഭേദപ്പെടുത്തൽ.</u>—(1) സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ അത് ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഓരോ വിജ്ഞാപനവും അതു പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ, വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന്

തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദംവരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപനത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

9. മാനേജിംഗ് കമ്മിററിയുടെ രൂപീകരണം.—**(1)** സർക്കാർ, ഗസററ് വിജ്ഞാപനം വഴി, അതിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നിദിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ അവ നടപ്പിലാക്കുകയോ ചെയ്യുന്നതിനും " കേരള റേഷൻ വ്യാപാരി ക്ഷേമനിധി മാനേജിംഗ് കമ്മിററി" എന്ന പേരിൽ താഴെപ്പറയുന്ന ആളുകൾ അതിന്റെ അംഗങ്ങളായി ഉൾപ്പെടുന്ന ഒരു കമ്മിററി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സിവിൽ സപ്ലൈസ് കമ്മീഷണർ എക്സ് ഒഫിഷ്യോ ആയി, അദ്ദേഹം മാനേജിംഗ് കമ്മിററിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) സിവിൽ സപ്ലൈസ് ഡയറക്ടർ, അദ്ദേഹം മാനേജിംഗ് കമ്മിററിയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ആയിരിക്കുന്നതാണ്:

എന്നാൽ, സർക്കാരിന് റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളറുടെ റാങ്കിൽ താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ മാനേജിംഗ് കമ്മിററിയുടെ മുഴുവൻ സമയ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ആയി നിയമിക്കാവുന്നതും ആ അവസരത്തിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ മാനേജിംഗ് കമ്മിററിയിലെ ഒരംഗവും സിവിൽ സപ്ലൈസ് ഡയറക്ടർ എക്സ് ഒഫിഷ്യോ അംഗവും ആയിരിക്കുന്നതുമാണ്;

(സി) റേഷനിംഗ് കൺട്രോളർ, എക്സ് ഒഫിഷ്യോ ;

(ഡി) സിവിൽ സപ്ലൈസ് വകുപ്പിലെ ചീഫ് അക്കൗണ്ട്സ് ആഫീസർ, എക്സ് ഒഫിഷ്യോ ;

(ഇ) ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ താഴെയല്ലാത്ത, സർക്കാർ നിമനിർദ്ദേശം ചെയ്യുന്ന, ധനകാര്യ വകുപ്പിലെ ഒരു പ്രതിനിധി;

(എഫ്) ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ താഴെയല്ലാത്ത, സർക്കാർ നിമനിർദ്ദേശം ചെയ്യുന്ന, നിയമ വകുപ്പിലെ ഒരു പ്രതിനിധി;

(ജി) സർക്കാർ നിമനിർദ്ദേശം ചെയ്യുന്ന റേഷൻ വ്യാപാരികളുടെ നാല് പ്രതിനിധികൾ.

(2) മാനേജിംഗ് കമ്മിററി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും അധികാരത്തോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, ഈ ആക്ടിന്റെ വ്യവസ്ഥകൾക്കു വിധേയമായി, അതിന് സ്ഥാവര ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനും പ്രസ്തുത പേരിൽ വ്യവഹരിക്കുന്നതിനും വ്യവഹരിക്കപ്പെടുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(3) പദ്ധതിയിൽ നിർദ്ദേശിക്കാവുന്ന രീതിയിൽ മാനേജിംഗ് കമ്മിററി നിധിയുടെ ഭരണം നടത്തേണ്ടതാണ്.

(4) ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ആഫീസറും പദ്ധതിയിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(5) മാനേജിംഗ് കമ്മിററിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അത് നിർദ്ദേശിക്കാവുന്ന ഉപാധികളും നിയന്ത്രണങ്ങളും, ഏതെങ്കിലുമുണ്ടെങ്കിൽ, അതിനു വിധേയമായി, നിധിയുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന് ആവശ്യമെന്ന് അത് കരുതുന്ന ഈ ആക്ററിന്റേയോ പദ്ധതിയുടേയോ കീഴിലുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും മാനേജിംഗ് കമ്മിററിയുടെ ചെയർമാനോ, മാനേജിംഗ് കമ്മിററിയിലെ ഏതെങ്കിലും അംഗത്തിനോ, ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, മറ്റേതെങ്കിലും ആഫീസർമാർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

10. <u>മാനേജിംഗ് കമ്മിററിയിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി.</u>—(1) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (ജി) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട മാനേജിംഗ് കമ്മിററിയിലെ അംഗങ്ങൾ, (ഇതിനു ശേഷം അനൗദ്യോഗിക അംഗങ്ങൾ എന്നാണ് അറിയപ്പെടുക) സർക്കാരിന് താൽപര്യമുള്ളിടത്തോളം കാലം, ഒരിക്കൽ മൂന്നു വർഷത്തിൽ കവിയാത്ത കാലയളവുവരെ, ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) സർക്കാരിന് രേഖാമൂലമുള്ള നോട്ടീസ് നൽകിയശേഷം മാനേജിംഗ് കമ്മിററിയിലെ ഒരു അനൗദ്യോഗിക അംഗത്തിന് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ അയാളുടെ രാജി സർക്കാർ സ്വീകരിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതുമാണ്.

11. <u>മാനേജിംഗ് കമ്മിററിയിലെ അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും</u>.—(1) ഒരാൾ അനൗദ്യോഗിക അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന്, അയാൾ—

(എ) ബുദ്ധിസ്ഥിരത ഇല്ലാതിരിക്കുകയും ബുദ്ധിസ്ഥിരത ഇല്ലാത്തവനായി അധികാരിതയുള്ള കോടതി പ്രഖ്യാപിച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ബി) അവിമുക്ത നിർദ്ധനനാണെങ്കിലോ; അല്ലെങ്കിൽ

(സി) സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് ഒരു ക്രിമിനൽ കോടതിയാൽ കുററസ്ഥാപനം ചെയ്തിട്ടുണ്ടെങ്കിലോ, അങ്ങനെയുള്ള കുററസ്ഥാപനം അസ്ഥിരപ്പെടുത്തിയിട്ടില്ലാത്തപക്ഷം,

അയോഗ്യനായിരിക്കുന്നതാണ്.

(2) മാനേജിംഗ് കമ്മിററിയിൽ ഒരു അനൗദ്യോഗിക അംഗം അംഗമായി തുടരുന്നതിന്, അയാൾ—

(എ) **(1)**-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാവുകയാണെങ്കിലോ; അല്ലെങ്കിൽ

(ബി) മാനേജിംഗ് കമ്മിററിയുടെ അനുവാദം കൂടാതെ തുടർച്ചയായി മാനേജിംഗ് കമ്മിററിയുടെ മൂന്ന് യോഗങ്ങളിൽ ഹാജരാവാതിരിക്കുകയാണെങ്കിലോഃ

എന്നാൽ **(3)**-ാം ഉപവകുപ്പിൻകീഴിൽ അയാളെ നീക്കം ചെയതുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് മുൻപ് മാനേജിംഗ് കമ്മിററിക്ക് അങ്ങനെയുള്ള ഹാജരാക്കാതിരിക്കൽ മാപ്പാക്കാവുന്നതാണ്;

(സി) അയാൾ നിധിയിൽ ഒരംഗമായിരിക്കുന്ന സംഗതിയിൽ നിധിയിലെ അംഗമല്ലാതായിത്തീരുകയോ അല്ലെങ്കിൽ നിധിയുടെ കുടിശ്ശികക്കാരനാവുകയോ ചെയ്യുകയാണെങ്കിലോ,

അയോഗ്യനായിരിക്കുന്നതാണ്.

(3) സർക്കാരിന്, ഏതൊരു അനൗദ്യോഗിക അംഗത്തേയും, അയാൾ,—

(എ) **(2)**-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനാവുകയാണെങ്കിൽ ; അല്ലെങ്കിൽ

(ബി) മാനേജിംഗ് കമ്മിററിയിലെ അംഗമായി പ്രവർത്തിക്കുന്നതിന് അയാൾ കഴിവില്ലാത്തവനാണെന്നോ അല്ലെങ്കിൽ അംഗമായി അയാൾ തുടരുന്നത്

പൊതുതാൽപ്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ തന്റെ അംഗമെന്ന പദവി ദുരുപയോഗപ്പെടുത്തിയെന്നോ സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ ;

ഉദ്യോഗത്തിൽനിന്ന്, ഗസററ് വിജ്ഞാപനം വഴി, നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ മാനേജിംഗ് കമ്മിററിയിലെ ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനു മുൻപ് അദ്ദേഹത്തെ നീക്കം ചെയ്യപ്പെടാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, പ്രസ്തുത ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന അയോഗ്യത നിലനിൽക്കുന്നിടത്തോളം കാലം, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അയോഗ്യനായിരിക്കുന്നതാണ്.

(5) (3)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം, അയാൾ അയോഗ്യനല്ലെന്ന് സർക്കാർ ഉത്തരവുമൂലം പ്രഖ്യാപിക്കുന്നതുവരെ, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

12. <u>താൽക്കാലിക ഒഴിവുകൾ നികത്തുന്നത്.</u>—സർക്കാരിന്, ഒരു അനൗദ്യോഗിക അംഗത്തിന്റെ ഉദ്യോഗത്തിലുള്ള ആകസ്മിക ഒഴിവ് കഴിയുന്നതും വേഗം നാമനിർദ്ദേശം വഴി നികത്താവുനന്തും ഒഴിവു നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ആൾ ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിച്ച കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

13. <u>ഒഴിവ്, ന്യൂനതകൾ എന്നീ കാരണങ്ങളാൽ മാനേജിംഗ് കമ്മിററിയുടെ കൃത്യങ്ങൾ അസാധുവാക്കുന്നതല്ലെന്ന്.</u>—ഈ ആക്റ്റിന്റെയോ പദ്ധതിയുടേയോ കീഴിൽ മാനേജിംഗ് കമ്മിററി ചെയ്ത ഏതൊരു കൃത്യമോ എടുത്ത ഏതൊരു നടപടിയോ—

(എ) മാനേജിംഗ് കമ്മിററിയിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ബി) മാനേജിംഗ് കമ്മിററിയിലെ ഒരു അംഗമായ ഒരാളുടെ നാമനിർദ്ദേശത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ ക്രമക്കേടിന്റെയോ; അല്ലെങ്കിൽ

(സി) ആ കൃത്യത്തിലോ നടപടിയിലോ ഉള്ള, സംഗതിയുടെ ഗുണാഗുണങ്ങളെ ബാധിക്കാത്ത, ഏതെങ്കിലും ന്യൂനതയുടെയോ ക്രമക്കേടിന്റെയോ,

കാരണത്താൽ മാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

14. മാനേജിംഗ് കമ്മിററിയുടെ യോഗങ്ങൾ.— മാനേജിംഗ് കമ്മിററിയുടെ യോഗത്തിന്റെ സ്ഥലവും സമയവും യോഗത്തിനുവേണ്ട കോറവും യോഗത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമവും പദ്ധതിയിൽ നിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

15. ഓഫീസർമാരുടെയും സ്ററാഫിന്റെയും നിയമനം.—(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, ഈ ആക്ററിൻ കീഴിലുള്ള മാനേജിംഗ് കമ്മിററിയുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനായി മാനേജിംഗ് കമ്മിററിയെ സഹായിക്കുന്നതിന് ആവശ്യമെന്ന് അതിനു തോന്നുന്നത്ര ഓഫീസർമാരെയും സ്ററാഫിനേയും മാനേജിംഗ് കമ്മിററിക്ക് നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച ഓഫീസർമാരുടെയും സ്ററാഫിന്റെയും നിയമനരീതിയും, ശമ്പളവും, ബത്തകളും, അച്ചടക്കവും മററു സേവന വ്യവസ്ഥകളും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, മാനേജിംഗ് കമ്മിററി നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) മാനേജിംഗ് കമ്മിററി നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുമ്പോൾ, അതതുസമയം, ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള 1958-ലെ കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേററ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടം (എ), (ബി), (സി) ഖണ്ഡങ്ങളുടെ വ്യവസ്ഥകളും 15-ഉം 16-ഉം 17-ഉം 17-എയും ചട്ടങ്ങളിലെ വ്യവസ്ഥകളും , ആവശ്യമായ മാററങ്ങളോടെ, അനുവർത്തിക്കേണ്ടതാണ്.

(4) മാനേജിംഗ് കമ്മിററിയിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും മററു ഓഫീസർമാരുടെയും സ്ററാഫിന്റെയും അധികാരങ്ങളും ചുമതലകളും പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

16. കടം വാങ്ങുന്നതിനുള്ള മാനേജിംഗ് കമ്മിററിയുടെ അധികാരം.— മാനേജിംഗ് കമ്മിററിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, സർക്കാർ നിർദ്ദേശിക്കാവുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പദ്ധതിയുടെ ലക്ഷ്യങ്ങൾക്കായി, അതതു സമയങ്ങളിൽ പണം കടം വാങ്ങാവുന്നതാണ്.

17. റേഷൻ വ്യാപാരികളിൽ നിന്നും പണം വസൂലാക്കേണ്ട രീതി.—ഈ ആക്ററിന്റെയോ പദ്ധതിയുടെയോ വ്യവസ്ഥകൾക്കനുസൃതമായി ഒരു റേഷൻ വ്യാപാരിയിൽ നിന്നും ലഭിക്കേണ്ട ഏതൊരു തുകയും അത് കുടിശ്ശിക ആവുകയാണെങ്കിൽ പന്ത്രണ്ട് ശതമാനം പലിശയോടുകൂടി, വർഷികമായി കോമ്പൗണ്ട് ചെയ്ത് വസ്തുവിൻമേലുള്ള പൊതു റവന്യൂ കുടിശ്ശിക എന്നപോലെ അതേ രീതിയിൽ ഈടാക്കാവുന്നതാണ്.

18. <u>വിലയിൽ കവിഞ്ഞ ഏതെങ്കിലും തുക റേഷൻ വ്യാപാരി ഈടാക്കരുതെന്നും മററും</u>.—നിധിയിലേക്ക് അംശദായം നൽകണമെന്ന ബാദ്ധ്യതയുടെ കാരണത്താൽ മാത്രം, യാതൊരു റേഷൻ വ്യാപാരിയും അയാൾ മുഖാന്തിരം വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിലയിൽ കവിഞ്ഞ ഏതെങ്കിലും തുക ഈടാക്കുകയോ, അവയുടെ തൂക്കമോ, അളവോ, കുറയ്ക്കുകയോ, കുറയ്ക്കുവാൻ ഇടയാക്കുകയോ, ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

<u>വിശദീകരണം</u>.—ഈ വകുപ്പിൽ "റേഷൻ സാധനം" എന്ന പദപ്രയോഗത്തിന് **1966**-ലെ കേരള റേഷനിംഗ് ഓർഡറിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

19. <u>മാനേജിംഗ് കമ്മിററിയിലെ അംഗങ്ങൾ മുതലായവർ പബ്ലിക്ക് സർവന്റുമാരായിരിക്കുമെന്ന്</u>.— മാനേജിംഗ് കമ്മിററിയിലെ അംഗങ്ങളും മാനേജിംഗ് കമ്മിററിയിലെ ഓഫീസർമാരും, സ്റ്റാഫും , ഈ ആക്ടിന്റെയോ പദ്ധതിയുടെ കീഴിൽ ഉള്ള അവരുടെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുമ്പോഴും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (**1860**-ലെ **45**-ാം കേന്ദ്ര ആക്ററ്), **21**-ാം വകുപ്പിന്റെ അർത്ഥത്തിൽ വരുന്ന പബ്ലിക്ക് സർവൻറുമാരായി കരുതപ്പെടേണ്ടതാണ്.

20. <u>ശിക്ഷ</u>.—**(1)** (എ) ആ ആക്ററിലേയോ പദ്ധതിയിലേയോ ഏതൊരു വ്യവസ്ഥയും ലംഘിക്കുകയോ അത് അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയോ; അല്ലെങ്കിൽ

(ബി) ഈ ആക്ററിന്റെയോ പദ്ധതിയുടെയോ കീഴിൽ താൻ സ്വയം നൽകേണ്ട ഏതെങ്കിലും തുക നൽകുന്നത് ഒഴിവാകുന്ന ഉദ്ദേശ്യത്തിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരാളെ അങ്ങനെയുള്ള പണം നൽകലിൽ നിന്നും ഒഴിവാകുന്നതിന് സഹായിച്ചുകൊണ്ടോ, അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പത്രികയോ വ്യാജ പ്രസ്താവനയോ ഉണ്ടാക്കുകയോ ഉണ്ടാക്കുന്നതിന് ഇടയാക്കുകയോ,

ചെയ്യുന്ന ഏതൊരാളും തൽസമയം പ്രബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ചുമത്താവുന്ന മററ് ശിക്ഷയ്ക്ക് ഭംഗംവരാതെ, കുററസ്ഥാപനത്തിൻമേൽ, ആറുമാസം വരെയാകാവുന്ന തടവോ, രണ്ടായിരം രൂപവരെയാകാവുന്ന പിഴയോ, ഇവ രണ്ടും കൂടിയോ, നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അങ്ങനെയുള്ള കുററകൃത്യമാക്കുന്ന വസ്തുതകൾ സംബന്ധിച്ച് രേഖാമൂലമുള്ള ഒരു

റിപ്പോർട്ടിൻമേലല്ലാതെ, ഈ ആക്ററിൻ കീഴിൽ ശിക്ഷാർഹമായ ഏതൊരു കുററവും യാതൊരു കോടതിയും വിചാരണ ചെയ്യാവുന്നതല്ല.

21. <u>രണ്ടാമത്തേതോ തുടർന്നുള്ളതോ ആയ കുററങ്ങൾക്ക് വർദ്ധിച്ച ശിക്ഷ</u>.—ഈ ആക്ററിൻ കീഴിൽ ഒരു കുററത്തിന് ശിക്ഷിക്കപ്പെട്ട ഏതെങ്കിലും ആൾ, അതേ കുററം വീണ്ടും ചെയ്യുകയാണെങ്കിൽ, അങ്ങനെ തുടർന്നുള്ള ഓരോ കുററത്തിനും ഒരു വർഷം വരെയാകാവുന്നതും എന്നാൽ മൂന്നുമാസത്തിൽ കുറവല്ലാത്തതുമായ തടവോ, നാലായിരം രൂപവരെയാകാവുന്ന പിഴയോ, നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ രേഖപ്പെടുത്താവുന്ന മതിയായതും പ്രത്യേകവുമായ കാരണങ്ങളാൽ, മൂന്നുമാസത്തിൽ കുറഞ്ഞ ഒരു കാലയളവിലേക്കുള്ള തടവ് ശിക്ഷ വിധിക്കാവുന്നതാണ്.

22. <u>പട്ടിക ഭേദഗതി ചെയ്യൽ</u>.—മാനേജിംഗ് കമ്മിററിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടോ, രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയ്ക്ക് മാററം വരുത്താവുന്നതും അങ്ങനെ മാററം വരുത്തുന്ന സംഗതിയിൽ രണ്ടാംപട്ടിക അപ്രകാരം ഭേദഗതി ചെയ്തതായി കരുതേണ്ടതുമാണ്.

23. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം</u>.—ഈ ആക്ററിന്റെയോ പദ്ധതിയുടെയോ കീഴിൽ മാനേജിംഗ് കമ്മിററിയിലെ ഏതെങ്കിലും അംഗമോ മറ്റേതെങ്കിലും ആളോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എന്തിനെങ്കിലും എതിരെ യാതൊരു വ്യവഹാരമോ മററു നിയമ നടപടിയോ കൈക്കൊള്ളാൻ പാടുള്ളതല്ല.

24. <u>സർക്കാരിന്റെ നിർദ്ദേശങ്ങൾ</u>.—**(1)** സർക്കാരിന് മാനേജിംഗ് കമ്മിററി അനുവർത്തിക്കേണ്ടതും യുക്തമെന്ന് അതിനു തോന്നുന്നതുമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിററിക്ക് നൽകാവുന്നതാണ്.

(2) ഈ ആക്ററിൻ കീഴിലുള്ള മാനേജിംഗ് കമ്മിററിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിറവേററുന്നതിലും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ, മാനേജിംഗ് കമ്മിററി **(1)**-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കാൻ പാടുള്ളതല്ല.

25. <u>അന്വേഷണത്തിന് ഉത്തരവ് നൽകുന്നതിനുള്ള അധികാരം</u>.—**(1)** സർക്കാരിന് ഏതൊരു സമയത്തും ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ മാനേജിംഗ് കമ്മിററിയുടെ പ്രവർത്തനത്തെപ്പററി അന്വേഷണം നടത്തുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും മാനേജിംഗ് കമ്മിററി ചെയ്തു കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടാവുന്ന, മാനേജിംഗ് കമ്മിററിയുടെ കൈവശമുള്ള, രേഖകളും കണക്കുകളും വിവരങ്ങളും അദ്ദേഹത്തിന് നൽകുകയും ചെയ്യേണ്ടതാകുന്നു.

26. <u>മാനേജിംഗ് കമ്മിററിയെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.</u>—(1) 25-ാം വകുപ്പിൻ കീഴിലുള്ള റിപ്പോർട്ട് പരിഗണിച്ചോ മററു വിധത്തിലോ മാനേജിംഗ് കമ്മിററി ഈ ആക്ററിലേയോ പദ്ധതിയിലേയോ വ്യവസ്ഥകളാലോ അതിൻകീഴിലോ അതിൻമേൽ ചുമത്തിയ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ചവരുത്തിയിട്ടുണ്ടെന്നോ അഥവാ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, ഗസററ് വിജ്ഞാപനം മുഖേന വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള, ആറു മാസത്തിൽ കവിയാത്ത കാലയളവിലേക്ക് മാനേജിംഗ് കമ്മിററിയെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ്, സർക്കാർ മാനേജിംഗ് കമ്മിററിക്ക്, അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരു അവസരം നൽകേണ്ടതും മാനേജിംഗ് കമ്മിററിയുടെ വിശദീകരണങ്ങളും ആക്ഷേപങ്ങളും, വല്ലതുമുണ്ടെങ്കിൽ, അവ പരിഗണിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തിൻമേൽ,—

(എ) മാനേജിംഗ് കമ്മിററിയിലെ എല്ലാ അംഗങ്ങളും, അങ്ങനെയുള്ള പ്രസിദ്ധീകരണത്തീയതിമുതൽ, അങ്ങനെയുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഉദ്യോഗങ്ങൾ ഒഴിയേണ്ടതാണ്;

(ബി) മാനേജിംഗ് കമ്മിററിക്ക് വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്യപ്പെട്ട കാലയളവിൽ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥൻമാർക്കോ, വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതാണ്;

(സി) മാനേജിംഗ് കമ്മിററിയിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ ഫണ്ടുകളും മററു സ്വത്തുക്കളും, സൂപ്പർസീഡ് ചെയ്യപ്പെട്ട കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ച സൂപ്പർസെഷന്റെ കാലാവധി അവസാനിക്കുന്നതിൻമേൽ 9-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സർക്കാർ മാനേജിംഗ് കമ്മിററി പുനഃസംഘടിപ്പിക്കേണ്ടതാണ്.

27. കണക്കുകളും ആഡിററും.—(1) 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിററ് ആക്ററിൻ (1994-ലെ 14) കീഴിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും, സത്യസന്ധവും ഉചിതവുമായ കണക്കുകളും മററു പ്രസക്ത രേഖകളും വച്ചുപോരുകയോ വച്ചുപോരാൻ ഇടയാക്കുകയോ ചെയ്യേണ്ടതും ബാലൻസ്ഷീററ് ഉൾപ്പെടെ വാർഷിക കണക്കുകളുടെ സ്റേറററ്മെന്റുകളും തയ്യാറാക്കുകയോ തയ്യാറാക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതുമാണ്.

(2) മാനേജിംഗ് കമ്മിററി തയ്യാറാക്കിയ പ്രകാരമുള്ള നിധിയുടെ കണക്കുകൾ 1994-ലോ കേരള ലോക്കൽ ഫണ്ട് ആഡിററ് ആക്ററിൻ (1994-ലെ14) കീഴിലുള്ള ഒരു ആഡിററർ ആ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി ആഡിററ് ചെയ്യേണ്ടതും ആ ആഡിററർ സർട്ടിഫൈ ചെയ്ത കണക്കുകൾ അവയുടെ ആഡിററ് റിപ്പോർട്ടു സഹിതം ഓരോ വർഷവും സർക്കാരിന് അയച്ചു കൊടുക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ സർക്കാർ അത് നിയമസഭയുടെ മുമ്പാകെ വയ്ക്കുവാൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്.

28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്ന ആവശ്യത്തിന്, ഗസററ് വിജ്ഞാപനം മുഖേന, പിൻകാല പ്രാബല്യത്തോടോ മുൻകാല പ്രാബല്യത്തോടോ കൂടി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള

ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

29. റദ്ദാക്കൽ.— **1998**-ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ഓർഡിനൻസ് (**1998**-ലെ **10**), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഒന്നാം പട്ടിക

[3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. അപേക്ഷയുടെ ഫാറവും രൂപവും നിധിയിൽ റേഷൻ വ്യാപാരികളെ അംഗങ്ങളായി രജിസ്ററർ ചെയ്യുന്ന രീതിയും.

2. നിധിയിലേക്ക് ഒരംഗം അംശദായം നൽകേണ്ട സമയപരിധിയും ഏതു രീതിയിൽ നൽകണമെന്നും.

3. സ്ഥായിയായ അവശതയോ വൈകല്യമോമൂലം കഷ്ടതയനുഭവിക്കുന്ന ഒരംഗത്തിനു നൽകാവുന്ന ധനസഹായത്തിന്റെ പരമാവധി തുക.

4. ഒരംഗത്തിനോ അയാളുടെ കുടുംബാംഗങ്ങൾക്കോ ചികിൽസാ ചെലവായി നൽകാവുന്ന പരമാവധി തുകയും ഏതു വ്യവസ്ഥകൾക്ക് വിധേയമായാണ് നൽകേണ്ടതെന്നും.

5. ഏതെല്ലാം പഠന കോഴ്സുകൾക്ക് സ്കോളർഷിപ്പായി വിദ്യാഭ്യാസ സഹായം നൽകാവുന്നതാണെന്ന്.

6. മാനേജിംഗ് കമ്മിററി നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ട രീതി.

7. മാനേജിംഗ് കമ്മിററിയുടെ യോഗത്തിന്റെ സ്ഥലവും സമയവും യോഗത്തിനുവേണ്ട കോറവും യോഗത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമവും.

8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മററ് ഓഫീസർമാരുടെയും മാനേജിംഗ് കമ്മിററിയുടെ സ്റ്റാഫിന്റെയും അധികാരങ്ങളും ചുമതലകളും.

9. സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കോ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കോ അനുസൃതമായി നിധിയിലുള്ള പണം നിക്ഷേപിക്കൽ.

10. വാർഷിക ബഡ്ജററ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ട രീതി.

11. ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി നിധിയിൽ നിന്നും പണം പിൻവലിക്കുന്നത് അനുവദിക്കാമെന്നും കിഴിക്കലോ കണ്ടുകെട്ടലോ നടത്താമെന്നും അങ്ങനെയുള്ള കിഴിക്കലിന്റേയോ കണ്ടുകെട്ടലിന്റേയോ പരമാവധി തുകയും.

12. ഒരംഗം, തന്നെ സംബന്ധിച്ചും തന്റെ കുടുംബത്തെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

13. ഒരംഗം, നിധിയിൽ നിന്നും തന്റെ മരണാനന്തരം തനിക്കു ലഭിക്കേണ്ട ഏതു തുകയും സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ മാററം വരുത്തുകയോ ചെയ്യുന്നതും.

14. നിധിയേയും അംഗങ്ങളേയും സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്ററുകളും രേഖകളും.

15. ഈ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ചുമത്തേണ്ട ഫീസ്.

16. ഏതെല്ലാം ആവശ്യങ്ങൾക്ക് അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ക്ഷേമത്തിനുവേണ്ടി നിധി വിനിയോഗിക്കാവുന്നതാണെന്ന്.

17. നിധിയുടെ ഭരണ നിർവ്വഹണത്തിനുവേണ്ടി ചെലവു ചെയ്യുന്നതിനുള്ള നടപടിക്രമം.

18. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്ന കാര്യത്തിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതി.

രണ്ടാം പട്ടിക

ഒരംഗത്തിന് മരണാനന്തരമോ അംഗത്വം അവസാനിക്കുമ്പോഴോ

നൽകേണ്ട തുക

[7-ാം വകുപ്പ് (1)-ം (2)-ം (3)-ം ഉപവകുപ്പുകൾ]

(തുക രൂപയിൽ)

അംഗമായി പൂർത്തിയാക്കിയ വർഷങ്ങൾ	എഴുപതു വയസ് തികയുന്നതിന് മുൻപ് ഒരംഗം മരിക്കുന്നപക്ഷം അയാളുടെ നോമിനിക്കോ നിയമപരമായ അനന്തരാവകാശികൾക്കോ നൽകേണ്ട തുക	അംഗത്വം അവസാനിക്കുമ്പോൾ ഒരംഗത്തിനോ അഥവാ എഴുപതു വയസ് തികഞ്ഞശേഷം അയാൾ മരിക്കുന്നപക്ഷം നോമിനിക്കോ അനന്തരാവകാശികൾക്കോ നൽകേണ്ട തുക
(1)	(2)	(3)
0 വർഷം	10,000	0
1 വർഷം	11,000	620
2 വർഷം	12,000	1,270
3 വർഷം	13,000	1,950
4 വർഷം	14,000	2,660
5 വർഷം	15,000	3,410
6 വർഷം	16,000	4,200
7 വർഷം	17,000	5,030
8 വർഷം	18,000	5,900
9 വർഷം	19,000	6,810
10 വർഷം	20,000	7,770
11 വർഷം	21,000	8,770
12 വർഷം	22,000	9,820
13 വർഷം	23,000	10,930
14 വർഷം	24,000	12,090
15 വർഷം	25,000	13,310
16 വർഷം	26,000	14,590
17 വർഷം	27,000	15,930
18 വർഷം	28,000	17,340

(1)	(2)	(3)
19 വർഷം	29,000	18,820
20 വർഷം	30,000	20,380
21 വർഷം	31,000	22,010
22 വർഷം	32,000	23,730
23 വർഷം	33,000	25,530
24 വർഷം	34,000	27,420
25 വർഷം	35,000	29,410
26 വർഷം	36,000	31,500
27 വർഷം	37,000	33,690
28 വർഷം	38,000	35,990
29 വർഷം	39,000	38,400
30 വർഷമോ അതിൽ കൂടുതലോ	40,000	40,000